മ ത്താ . 1 2 : 1 – 1 3

**2023 നവംബർ 12**

# വചനസന്ദേശം

**ഫാ. അലൻ കാളിയങ്കര**

നന്മ ചെയ്യാനുള്ള സാബത്ത്

കമലഹാസൻ മുഖ്യകഥാപാത്രമായി അഭിനയിച്ച ദശാവതാരം എന്ന സിനിമയിലെ ഒരു രംഗം ഇപ്രകാരമാണ്. പന്ത്രണ്ടാത്തിൽ ചിദംബരം എന്ന സ്ഥലത്തുണ്ടായ ഒരു രംഗം. അന്നത്തെ രാജാവായിരുന്ന കുലോതുംഗ ചോള രണ്ടാമൻ, വിഷ്ണുഭക്തരെ പീഡിപ്പിക്കുന്നു. എന്നാൽ വിഷ്ണുഭക്തനായ രംഗരാജൻ ഇതിനെ എതിർക്കുന്നു; വിഗ്രഹത്തെ സംരക്ഷിക്കാൻ നോക്കുന്നു. അതിന്റെ പേരിൽ അദ്ദേഹത്തിന്റെ മാംസം തുളച്ച് ചങ്ങലയിൽ തൂക്കുന്നു, കല്ലെറിയുന്നു, വിഗ്രഹത്തോടുകൂടി കടലിൽ താഴ്ത്തുന്നു. ശരീരത്തിൽ കൊളുത്തിട്ട്, ചങ്ങല കൊണ്ട് അദ്ദേഹത്തെ പൊക്കുമ്പോൾ, വേദനകൊണ്ട് പുളയുമ്പോൾ, അദ്ദേഹം ഒരു പാട്ടു പാടുന്നു:

കല്ലായ് മട്ടം കണ്ടാൽ കടവുൾ തെരിയാത്,
കടവുൾ മട്ടം കണ്ടാൽ കല്ലടി തെരിയാത്.

വിഗ്രഹത്തെ കല്ലായി കണ്ടാൽ കടവുൾ, ദൈവം, ആരാണെന്ന് തിരിച്ചറിയില്ല. വിഗ്രഹത്തെ കടവുളായി കണ്ടാൽ കല്ലായി കാണാൻ കഴിയില്ല. സമാന്തര ഭാഷയിൽ, യേശുവിനെ വെറും മനുഷ്യനോ വിപ്ലവകാരിയോ ഗുരുവോ പ്രവാചകനോ ആയി കണ്ടാൽ ദൈവത്തെ തിരിച്ചറിയാൻ കഴിയില്ല. മറിച്ച് അവനെ കണ്ടാലോ, വേറെ യാഥാർത്ഥ്യങ്ങൾ കാണാം. മത്തായി ശ്ലീഹ ഇതാണ് നമ്മുടെ മുൻപിൽ ഇന്നത്തെ സുവിശേഷ ഭാഗത്തിലൂടെ അവതരിപ്പിക്കുന്നത്.

തമിഴ് സാഹിത്യത്തിൽ ദൈവം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന കടവുൾ എന്ന വാക്കിന്റെ പൊരുൾ ഇപ്രകാരമാണ്. കട എന്നു പറഞ്ഞാൽ അതീതം, അപരിമേയം എന്നർത്ഥം. ഉൾ എന്ന് പറഞ്ഞാൽ ഉള്ളിൽ, നമ്മുടെ സാന്നിധ്യത്തിൽ. അതുകൊണ്ട് കടവുൾ എന്ന വാക്കിന്റെ അർത്ഥം, എല്ലാത്തിനും ഉപരിയായവൻ എല്ലാവരുടെയും ഉള്ളിലുണ്ട് എന്നതാണ്.

ഇന്നത്തെ സുവിശേഷ ഭാഗത്ത് രണ്ട് സംഭവങ്ങളാണുള്ളത്. ഒന്ന്, ഈശോയുടെ ശിഷ്യന്മാർ ഗോതമ്പ് കതിരുകൾ പറിച്ചു തിന്നുന്നു. രണ്ട്, അതിനു തൊട്ടു പിന്നാലെ കൈ ശോഷിച്ച ഒരു മനുഷ്യനെ ഈശോ സുഖപ്പെടുത്തി പറഞ്ഞുവിടുന്നു. ഈ രണ്ടു സംഭവങ്ങളും നടക്കുന്നത് ഒരു സാബത്ത് ദിവസമായിട്ടാണ് മത്തായി ശ്ലീഹാ പറയുന്നത്. യഹൂദ സമൂഹത്തിൽ സാബത്താചരണത്തിന്റെ പേരിൽ ഒട്ടും വിലയില്ലാത്തത് മനുഷ്യനാണ്. ഇന്നത്തെ സുവിശേഷത്തിൽ രണ്ടാമത്തെ ഭാഗത്ത് നാം കാണുന്നത് ഈശോ കൈശോഷിച്ച ഒരു വ്യക്തിയെ സുഖപ്പെടുത്തുന്നതാണ്. ഈ വ്യക്തിക്ക് സൗഖ്യം എന്നത് ഒരു അടിയന്തര പ്രശ്നം അല്ലായിരുന്നു. എന്നാലും ഈശോ ആ വ്യക്തിയെ സുഖപ്പെടുത്തുന്നു. ഇതെല്ലാം കഴിഞ്ഞ് യഹൂദ നേതാക്കളോട് ഈശോ ചോദിക്കുന്ന ഒരു മറു ചോദ്യമുണ്ട്, 'നിങ്ങളിൽ ആരുണ്ട് നിങ്ങളുടെ ആട് സാബത്തിൽ കുഴിയിൽ വീണാൽ പിടിച്ചു കയറ്റാത്തവരായി?' (12:11). സാബത്തിൽ കുഴിയിൽ വീണ ആടിനെ രക്ഷിക്കണമെന്നതിൽ ഒരു സംശയവും ഇല്ലാത്തവർ, കൈ ശോഷിച്ച മനുഷ്യന്റെ കാര്യത്തിൽ സംശയിച്ചു നിൽക്കുന്നു. ഒരു ആടിന്റെ വിലപോലും മനുഷ്യന് ഇല്ലാതായത് വലിയ ദുരന്തമായാണ് ഈശോ കണ്ടത്. ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യന്റെ അന്തസ്സും മഹത്വവും ആണ് ഒരു ആചരണത്തിന്റെ പേരിൽ ഇല്ലാതാക്കുന്നത്. എല്ലാ മാനുഷിക നിയമത്തിന്റെയും ആചാരത്തിന്റെയും പാരമ്പര്യത്തിന്റെയും മാനദണ്ഡം അല്ലെങ്കിൽ അടിസ്ഥാനം എന്നു പറയുന്നത് മനുഷ്യനാണ്. മനുഷ്യനാണ് സൃഷ്ടിയുടെ മകുടം. ഇവിടെ സാബത്താചരണത്തിന്റെ കർശനനിഷ്ടയിൽ കുരുങ്ങിപ്പോയ മനുഷ്യ ജീവിതത്തിന്റെ വില തിരിച്ചുപിടിക്കൽ ആയിരുന്നു ക്രിസ്തു ചെയ്യുന്നത്.

വിക്ടർ ഹ്യൂഗോയുടെ പാവങ്ങൾ എന്ന ഒരു നോവൽ ഉണ്ട്. അതിലെ കഥാപാത്രം ഒരു ചെറിയ മോഷണക്കുറ്റത്തിന് ശിക്ഷിക്കപ്പെട്ടവൻ ആയിരുന്നു. എന്നാൽ പല ആവർത്തി ജയിൽ ചാടാൻ ശ്രമിച്ചതിന്റെ പരിണിതഫലമായി അവൻ അനേക വർഷത്തേക്ക് ശിക്ഷിക്കപ്പെടുന്നു. പിന്നീട് ജയിൽ മോചിതനായി പുറത്തിറങ്ങുമ്പോൾ അന്തിയുറങ്ങാൻ ഒരു സ്ഥലം പോലും അവനു ലഭിക്കുന്നില്ല. അവസാനം അവൻ അവിടുത്തെ മെത്രാന്റെ അരമനയിലേക്ക് കയറി ചെല്ലുന്നു. മെത്രാൻ അവന് കഴിക്കാൻ ഭക്ഷണവും അന്തിയുറങ്ങാൻ ഒരു സ്ഥലവും കൊടുക്കുന്നു. എന്നാൽ പിറ്റേന്ന് അതിരാവിലെ മറ്റാരും ഉണരുന്നതിനു മുൻപ് മെത്രാന്റെ വെള്ളി മെഴുകുതിരിക്കാലുകളും മോഷ്ടിച്ചുകൊണ്ട് അവൻ സ്ഥലം വിടുന്നു.

നിർഭാഗ്യമെന്നു പറയാം, അവനെ പൊലീസ് പിടികൂടുന്നു, തെളിവെടുപ്പിനായി മെത്രാന്റെ അരമനയിലേക്ക് അവനെ കൊണ്ടുവരുന്നു. പൊലീസുകാരൻ മെത്രാനോട് ചോദിക്കുന്നു, ഇത് അങ്ങയുടെ മെഴുകുതിരിക്കാലുകൾ തന്നെയാണോ? ഒരു സന്ദേഹവും കൂടാതെ അവ തന്റേതാണ് എന്ന് മെത്രാൻ തിരിച്ചറിയുന്നു. എന്നിട്ട് മെത്രാൻ ഇപ്രകാരം കൂടി കൂട്ടിച്ചേർക്കുന്നു, ഇത് ഇവൻ മോഷ്ടിച്ചതല്ല; ഞാൻ അവന് സമ്മാനിച്ചതാണ്. അപ്പോൾ തന്നെ പൊലീസുകാരുടെ മറ്റൊരു ചോദ്യം അങ്ങേക്ക് ഇവനെ അറിയാമോ എന്ന്. ഉടൻതന്നെ മെത്രാൻ മറുപടി പറഞ്ഞു: ‘ഇവൻ എന്റെ സഹോദരനാണ്’. സുവിശേഷ ഭാഗത്ത് നാം കാണുന്നത്, ആട് എന്ന ജീവി തന്റേതാണ് എന്ന ഒരു ബോധ്യമുള്ളതുകൊണ്ടാണ് അതിനെ രക്ഷിക്കുവാൻ ഒരുവൻ തയ്യാറാകുന്നത്. എന്നാൽ തന്റെ ചുറ്റുമുള്ള മനുഷ്യർ തന്റേത് അല്ല എന്ന ഒരു ചിന്തയാണ്, മനുഷ്യനെ വിലയില്ലാത്തതായി കാണുവാനായിട്ട് ഒരുവനെ പ്രേരിപ്പിക്കുന്നത്. ‘പാവങ്ങളിൽ’ ബിഷപ്പ് പറയുന്നതുപോലെ, മുൻപിൽ നിൽക്കുന്നവൻ അല്ലെങ്കിൽ നിൽക്കുന്നവർ എന്റെ സഹോദരനാണ് എന്ന് തിരിച്ചറിയുമ്പോഴാണ് ദൈവരാജ്യം നമുക്ക് അനുഭവവേദ്യമാകുന്നത്. ദൈവം പിതാവും മനുഷ്യരെല്ലാം സ്വന്തം സഹോദരരുമാണെന്ന തിരിച്ചറിവാണ് ഇത്.

ഏതൊരു സാബത്ത് ആചരണത്തിന്റെയും അടിസ്ഥാന ലക്ഷ്യം എന്നു പറയുന്നത് നന്മയാണ്, നന്മ ദൈവം തന്നെയാണ്. ഒരു സാബത്തിൽ തിന്മ ചെയ്യാതിരുന്നതു കൊണ്ട് ഒരിക്കലും അത് അർത്ഥപൂർണ്ണമാകുന്നില്ല. അരുതുകളിൽ മാത്രമല്ല നന്മയുടെ ശരികളിലാണ് സാബത്ത് വിശുദ്ധമാകുന്നത്. ഒന്നും ചെയ്യാതിരിക്കുന്നതിലല്ല സാബത്തിന്റെ മഹത്വം, മറിച്ച് നല്ലത് ചെയ്യുന്നതിലാണ്. ബലികളോടൊപ്പം കാരുണ്യപ്രവൃത്തികളാകണം സാബത്തിന്റെ അഴകും അലങ്കാരവും. ബലികളിലൂടെയുള്ള ദൈവാരാധന സാബത്ത് ആചരണത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. അപരനോടുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രവൃത്തികളാണ് അവയെ പൂർണ്ണമാക്കുന്നത്. അതുകൊണ്ടാണ് ക്രിസ്തുനാഥൻ പറഞ്ഞത് ‘ബലി അല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്’ (12:7).

സുവിശേഷത്തിൽ നാം കാണുന്നുണ്ട്, എവിടെയൊക്കെ മനുഷ്യന്റെ അന്തസ്സും വിലയും ഇടിയുന്നുണ്ടോ അവിടെയെല്ലാം ക്രിസ്തു അതിന്റെ വില ഉയർത്തിപ്പിടിക്കുന്നുണ്ട്. അവിടെ ജാതിയോ ലിംഗമോ പണമോ സ്ഥാനമോ എന്ന വേർതിരിവില്ല. മനുഷ്യനോളം വില ദൈവത്തിന്റെ മുൻപിൽ വേറൊന്നിനുമില്ല ദൈവം പോലും മനുഷ്യന്റെ വില ഉയർത്താനാണ് ഈ ഭൂമിയിൽ മനുഷ്യനായി വന്നു പിറന്നത്. അപ്രകാരമുള്ള ദൈവത്തിന്റെ മുൻപിൽ നിന്നുകൊണ്ട്, എന്റെ മുന്നിൽ നിൽക്കുന്നത് എന്റെ സ്വന്തം സഹോദരനാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, അവനു ചെയ്തു കൊടുക്കേണ്ട നന്മ ചെയ്തുകൊടുത്തുകൊണ്ട്, ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളായി ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം. എ